# തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ക്ലർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിലേയ്ക്കുള്ള ക്ലാസ്-IV ജീവനക്കാരുടെ പ്രൊമോഷൻ (2024 കാലയളവിലെ) സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആർ.ഒ.സി.1045/86/എസ്റ്റ-എ | തീയതി: 18/03/2025

സൂചന:- 1. 30/03/2024-ലെ ആർ.ഒ.സി.3679/24/ എസ്റ്റ-2 നമ്പർ ബോർഡ് ഉത്തരവ്.
2. 30/01/2025-ലെ മേൽ നമ്പർ ഉത്തരവ്.
3. കൊട്ടാരക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 31/01/2025-ലെ 327 നമ്പർ റിപ്പോർട്ട്.
4. ഏറ്റുമാനൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 04/02/2025-ലെ 255 നമ്പർ റിപ്പോർട്ട്.
5. ആറന്മുള അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 15/02/2025-ലെ 996 നമ്പർ റിപ്പോർട്ട്.
6. ആറന്മുള അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 17/03/2025-ലെ 1551 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ക്ലർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിലെ 2024 കാലയളവിലെ ഒഴിവിലേയ്ക്ക് ക്ലാസ്-IV ജീവനക്കാരിൽ നിന്നും സൂചന (2) പ്രകാരം പ്രൊമോഷൻ അനുവദിക്കപ്പെട്ട ക്രമനമ്പർ 11 ശ്രീ.കെ.സുനിൽ, ക്രമനമ്പർ 12 ശ്രീ.പി.എൻ.ഉല്ലാസ്, ക്രമനമ്പർ 13 ശ്രീ.വി.സനൽകുമാർ എന്നിവർ ടി പ്രൊമോഷൻ ഉപേക്ഷിക്കുന്നതായി വിവരിച്ചുകൊണ്ട് അപേക്ഷ സമർപ്പിച്ചു (സൂചന 3, 4, 5 ).

ആയത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റിലെ അടുത്ത സീനിയർമാരായ ചുവടെ വിവരിക്കുന്ന ക്ലാസ്ഫോർ ജീവനക്കാർക്ക് ക്ലർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിൽ 26,500 - 60,700 രൂപ ശമ്പള സ്കെയിലിൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, നിലവിൽ ജോലി നോക്കിവരുന്ന ലാവണം, സ്ഥലം | പ്രൊമോഷൻ അനുവദിക്കുന്ന ആഫീസ്/ദേവസ്വം |
|---|---|---|
| 1. | ശ്രീ.കെ.വിനോദ്കുമാർ<br>വാച്ചർ, ചെങ്കള്ളൂർ ദേവസ്വം<br>തിരുവനന്തപുരം ഗ്രൂപ്പ് | ആഡിറ്റർ<br>ഫൈനാൻസ് & അക്കൗണ്ട്സ് ആഫീസ് |
| 2. | ശ്രീമതി.എസ്.ലേഖ<br>തളി, പൂഴിക്കുന്ന് സബ്ഗ്രൂപ്പ്<br>ആറന്മുള ഗ്രൂപ്പ് | സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ<br>(Against Vacancy)<br>ഓമല്ലൂർ സബ്ഗ്രൂപ്പ്, ആറന്മുള ഗ്രൂപ്പ് |
| 3. | ശ്രീ.ജയകുമാർ.ആർ<br>വാച്ചർ, കരുവാറ്റക്കുളങ്ങര സബ്ഗ്രൂപ്പ്<br>ഹരിപ്പാട് ഗ്രൂപ്പ് | സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ<br>തകഴി സബ്ഗ്രൂപ്പ്, അമ്പലപ്പുഴ ഗ്രൂപ്പ്. |

(മറുപുറം..)

മേൽ വിവരിക്കുന്നവർക്ക്, തുടർച്ചയായ മൂന്ന് വർഷത്തെ ഡ്യൂട്ടിയിൽ രണ്ട് വർഷം പ്രൊബേഷൻ കാലയളവായിരിക്കും. കൂടാതെ, സബ്ഗ്രൂപ്പ് ആഫീസർമാരായി നിയോഗിച്ചിട്ടുള്ളവർ ഗ്രൂപ്പിനുള്ളിലെ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ / സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർമാരിൽ നിന്നും ടിയാളുകളുടെ ജോലിയ്ക്ക് തടസ്സം ഉണ്ടാകാത്തവിധം പ്രവേശന തീയതി മുതൽ തുടർന്നുള്ള 20 ദിവസത്തെ പരിശീലനം നേടേണ്ടതാണ്. ആഫീസിൽ നിയമിച്ചിട്ടുള്ള ആൾക്ക് ആഫീസ് തലവന്റെ നേതൃത്വത്തിൽ 20 ദിവസത്തെ പരിശീലനം നൽകേണ്ടതാണ്.

ടി പരിശീലനം നൽകിയത് സംബന്ധിച്ചും, പരിശീലനാർത്ഥികളുടെ മികവ് സംബന്ധിച്ചും ഒരു റിപ്പോർട്ട് ബന്ധപ്പെട്ട ആഫീസ് തലവൻ/ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ / സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർമാർ ലഭ്യമാക്കേണ്ടതാണ്. ടി നിയമനങ്ങൾ 2025-ലെ പൊതുസ്ഥലംമാറ്റത്തിന് വിധേയമായിരിക്കുന്നതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ,

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഐ.റ്റി സെക്ഷൻ
3. സെക്ഷൻ ഫയൽ

AR.18/03